# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം

വിഷയം:- ആരോഗ്യവകുപ്പ്- ജീവനക്കാര്യം-ഡോ.മിഥുൻ.കെ, ജൂനിയർ കൺസൾട്ടന്റ്, അനസ്തേഷ്യ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

പരാമർശം:- 1)Lr.No.A5/2326/2024, DMO(H)Idukki, dtd:06/12/2024

2)കാരണം കാണിക്കൽ നോട്ടീസ് നം.ഇബി 2-28926/2024, ആവഡ, തിയതി :23/02/2025.

**ഉത്തരവ് നം. (കെ.ഡിസ്)ഇ.ബി2-28926/2024/ആ.വ.ഡ തീയതി : 02-06-2025**

ഇടുക്കി ജില്ലാ ആശുപത്രിയിലെ അനസ്തേഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.മിഥുൻ.കെ 07/11/2020 മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടുനിൽക്കുന്നതായി പരാമർശം 1 പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിന് താത്കാലികമായി തീരുമാനിച്ച് പരാമർശം 2 പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ടി തീരുമാനത്തിന് എതിരായി ടിയാന് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെകിൽ ആയത് നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഡോ.മിഥുൻ.കെ വിശദീകരണം നാളിതുവരെ സമർപ്പിച്ചിട്ടില്ല.

**2.** മേൽ സാഹചര്യത്തിൽ **1958** ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസ് പാർട്ട് **II** ചട്ടം **19(a)(ii)** പ്രകാരം പ്രൊബേഷണറായ മിഥുൻ.കെയുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവീസിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

**3.** മെഡിക്കൽ ഓഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Reena K J
Date: 02-06-2025 20:37:49
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: **Dr.Midhun.K**
**76-Mulamattakkottil(H)**
**Tirumarady, Ernakulam**
**Pin 686662.**

പകർപ്പ് : 1)അക്കൗണ്ടന്റ് ജനറൽ(എ&ഇ)തിരുവനന്തപുരം.

2)ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം)ഇടുക്കി.

3)ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്.
4) ഫയൽ/കരുതൽ ഫയൽ.